# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യ നമ്പർ 36 | 08.08.2017 - ൽ മറുപടിക്ക് |
|---|---|

**ജി.എസ്.ടി നടപ്പിലായക്കിയതുമൂലം ഉണ്ടായ ബുദ്ധിമുട്ടുകൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ഡോ. എം.കെ മുനീർ<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. കെ.എം. ഷാജി | | ഡോ. ടി.എം തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പു മന്ത്രി) |
| (എ) | ജി.എസ്.ടി നടപ്പിലാക്കുന്നതിന്റെ ഫലമായി വ്യാപാരികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | (എ) & (ബി) | ജി.എസ്.ടി നടപ്പിലാക്കിയതിനെത്തുടർന്ന് migration, closing stock ൻമേലുള്ള input tax credit ഇൻവോയിസുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്നിവ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനായി ചരക്കുസേവന നികുതി വകുപ്പ് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സെല്ലുകൾ രൂപീകരിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. കൂടാതെ നികുതി നിരക്കിൽ അവ്യക്തതയുള്ളതിലും നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ഇത്തരം സംശയങ്ങൾ ഉന്നയിക്കുന്നതിനായി ഓൺലൈൻ സംവിധാനം രൂപീകരിച്ചിട്ടുണ്ട്. കൂടാതെ വ്യാപാര പ്രതിനിധികളെയും ഉദ്യോഗസ്ഥരെയും (കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും) ഉൾപ്പെടുത്തി സംസ്ഥാന/ ജില്ലാതല ഫെസിലിറ്റേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ജി.എസ്.ടി.യുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഈ കമ്മിറ്റി മുമ്പാകെ ഉന്നയിക്കാവുന്നതാണ്. അവയിൽ കമ്മിറ്റിക്ക് തീരുമാനം എടുക്കാൻ സാധിക്കാത്ത പ്രശ്നങ്ങൾ (നികുതി നിരക്ക്, നിയമവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്നിവ) ജി.എസ്.ടി കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. ടി കമ്മിറ്റികളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>വ്യാപാരികൾക്കുണ്ടാകുന്ന പ്രധാന ബുദ്ധിമുട്ടുകളെല്ലാം തന്നെ ജി.എസ്.ടി.എൻ ഓൺലൈൻ സംവിധാനവുമായി ബന്ധപ്പെട്ടതാണ്. ഇത് ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും അനുഭവപ്പെടുന്നുണ്ട്. ഓൺലൈൻ സംവിധാനത്തിലെ പ്രശ്നങ്ങൾ എത്രയും വേഗം പരിഹരിക്കുന്നതിന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ബി) | ഇവ എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത്; | | |

| | | | |
|---|---|---|---|
| (സി) | ജി.എസ്.ടി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ചില സാധനങ്ങൾ മാർക്കറ്റിൽ ലഭ്യമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) & (ഡി) | ഇല്ല |
| (ഡി) | മാർക്കറ്റിൽ ലഭിച്ചുകൊണ്ടിരുന്ന എല്ലാ സാധനങ്ങളും ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; | | |

**സെക്ഷൻ ഓഫീസർ**